# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1915

## 08-03-2018 ൽ മറുപടിക്ക്

## കിഫ്ബിയുടെ ധനസമാഹരണത്തിനായുള്ള ബോണ്ടുകൾ

| ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ധനസമാഹരണത്തിന് ജനറൽ ഒബ്ളിഗേഷൻ ബോണ്ട്, മസാല ബോണ്ട് എന്നിവ വഴി എത്ര തുക സമാഹരിക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;<br>(ബി) പ്രസ്തുത ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയും, ആർ.ബി.ഐ യുടെയും അനുവാദം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി നിധിയിലേക്കുള്ള ധനസമാഹരണത്തിന്റെ ഭാഗമായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാന്റ് ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കാൻ ഉദ്ദേശമുണ്ട്. നിലവിൽ ജനറൽ ഒബ്ളിഗേഷൻ ബോണ്ടു വഴി 3500 കോടി രൂപ സമാഹരിക്കുന്നതിനും മസാല ബോണ്ടു വഴി 2 വർഷം കൊണ്ട് 5000 കോടിയും സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ/ ആർ.ബി.ഐ/ സെബി എന്നിവരുടെ അനുവാദം ആവശ്യമായ ഘട്ടങ്ങളിൽ തേടുന്നതാണ്. |
| (സി) കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി നബാർഡിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; എത്ര ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തിട്ടുള്ളത്; തിരിച്ചടവ് എത്ര വർഷമാണ്; വിവരങ്ങൾ ലഭ്യമാക്കാമോ? | ഉണ്ട്. നബാർഡിന്റെ NIDA (NABARD Infrastructure Development Assistance) പദ്ധതിയിലൂടെ 4000 കോടി രൂപ 9.3 ശതമാനം പലിശയിനത്തിൽ വായ്പയെടുക്കുന്നതിന്റെ ആദ്യഗഡുവായി 100.80 കോടി രൂപ കിഫ്ബി നിധിയിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. ഈ വായ്പാ പദ്ധതിയുടെ തിരിച്ചടവ് കാലാവധി 12 വർഷമാണ്. |

സെക്ഷൻ ഓഫീസർ